കരകൗശല വികസന കോർപ്പറേഷന്റെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

122 [441] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരകൗശല വികസന കോർപ്പറേഷന്റെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2001-നു ശേഷം കോർപ്പറേഷനിൽ കയറ്റുമതി ഉണ്ടായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്ഥാപനത്തിൽ ചെയർമാനും എം.ഡി.-ക്കും പുതിയ എ.സി. കാറുകൾ വാങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയിനത്തിൽ എത്ര തുക കൊടുക്കാനുണ്ട് എന്നു വെളിപ്പെടുത്തുമോ;

(ഇ) കരകൗശല വികസന കോർപ്പറേഷനിൽ ദിവസക്കൂലി ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) കരകൗശല വികസന കോർപ്പറേഷനിലെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാനും കോർപ്പറേഷന്റെ പ്രവർത്തനം സാധാരണ നിലയിലാക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടില്ല.

(ബി) 2001-നു ശേഷം കരകൗശല വികസന കോർപ്പറേഷനിൽ കയറ്റുമതി ഉണ്ടായിട്ടില്ല എന്ന വിവരം ശരിയല്ല. മാത്രവുമല്ല കോർപ്പറേഷന്റെ ചരിത്രത്തിലെ ഏറ്റവും കൂടുതൽ കയറ്റുമതി ഉണ്ടായത് 2001-02 സാമ്പത്തിക വർഷത്തിലാണ്.

(സി) രണ്ടു പുതിയ കാറുകൾ വാങ്ങിയതിൽ ഒന്ന് എ. സി. യാണ്.

(ഡി) നിലവിലുള്ള തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയിനത്തിൽ തുക യൊന്നും നൽകാനില്ല. എന്നാൽ സർക്കാർ പ്രഖ്യാപിച്ച ക്ഷാമബത്ത ഇനത്തിൽ നിലവിലുള്ള തൊഴിലാളികൾക്കു 31,75,000 രൂപ നൽകാനുണ്ട്.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരി ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly